# മഹാത്മാഗാന്ധി സർവ്വകലാശാല

നം. എഡി.എ1-1-21/2017 തീയതി, 17.08.2018

## പരിപത്രം

വിഷയം:- പ്രളയക്കെടുതി - ഓണാഘോഷത്തിനായി സമാഹരിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകുന്നത് - സംബന്ധിച്ച്.

സൂചന:- ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 16.08.2018-ലെ സർക്കുലർ നമ്പർ കെ3/278/2018-ഉ.വി.വ.

------

കേരള സംസ്ഥാനം നാളിതുവരെ കണ്ടിട്ടില്ലാത്ത തരത്തിലുള്ള പ്രളയദുരന്തമാണ് ഇപ്പോൾ കേരള ജനത അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ഓരോ ദിവസവും നിരവധിപേർക്ക് ജീവഹാനി സംഭവിച്ചു കൊണ്ടിരിക്കുന്നു. ധാരാളം വീടുകളും കൃഷിയിടങ്ങളും പൂർണ്ണമായും നശിക്കുകയും പല പ്രദേശങ്ങളും ഒറ്റപ്പെട്ടുപോവുകയും ചെയ്തിട്ടുണ്ട്. പ്രളയക്കെടുതി അനുഭവിക്കുന്നവർക്ക് സർക്കാർ എല്ലാവിധ സഹായങ്ങളും നിലവിൽ ചെയ്തുകൊണ്ടിരിക്കുകയാണ്. നിരവധി വ്യക്തികളും സന്നദ്ധ സംഘടനകളും ഈ സംരംഭത്തിൽ സർക്കാരിനോടൊപ്പം പങ്കാളികളായിട്ടുമുണ്ട്.

പ്രളയക്കെടുതിയെത്തുടർന്ന്, സർക്കാർ ഓണവുമായി ബന്ധപ്പെട്ട എല്ലാ ആഘോഷപരിപാടികളും ഉപേക്ഷിച്ചിട്ടുണ്ട്. കൂടാതെ, നിരവധി വ്യക്തികളും സ്ഥാപനങ്ങളും സന്നദ്ധസംഘടനകളും ഓണാഘോഷ ങ്ങൾക്കായി സ്വരൂപിച്ച തുക സർക്കാരിന്റെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവനയായി നൽകിയിട്ടുമുണ്ട്.

ഈ സാഹചര്യത്തിൽ, ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഈ വർഷം ഓണത്തോടനുബന്ധിച്ചുള്ള ആഘോഷപരിപാടികൾ ഒഴിവാക്കുവാനും, ആയതിലേക്കായി സമാഹരിച്ച തുകയും, ഇനി സ്വരൂപിക്കുവാൻ കഴിയുന്നത്ര തുകയും ചേർത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യുവാനും സൂചന സർക്കുലർ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു. ആയതിനാൽ ടി സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ സർവ്വകലാശാലയിൽ നടപ്പിലാക്കിക്കൊണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഒപ്പ്
ജോയിന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്

1. സെക്ഷനുകൾ / ഡിപ്പാർട്ട്മെന്റുകൾ/സ്കൂളുകൾ/സെന്ററുകൾ
2. വൈസ് ചാൻസിലറുടെ / പ്രോ വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ / കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ / ഐ.ക്യു.എ.സി.
6. സംഘടനാ പ്രതിനിധികൾ
7. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി / ഡേ ഫയൽ / നോട്ടീസ് ബോർഡ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ